"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തെ വെയർഹൗസിന്റെ റൂഫിംഗ് ഷീറ്റ് മാറ്റുന്ന പ്രവൃത്തിയ്ക്ക് ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.263/2026/F&P		തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:-
1. 6/2/2026 ലെ സ.ഉ (സാധാ) 109/2026/മതുവ.
2. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/3/2026 ലെ :HOKMB/8/2025- A1 (Fin) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം തുറമുഖത്തെ ഫെസിലിറ്റേഷൻ സെന്ററിന് സമീപമുള്ള ഗോഡൗണിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 66 ലക്ഷം രൂപയുടെ ഭരണാനുമതി 5051-02-200-86-Development of ports എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. ടി പ്രവർത്തിയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തുക അഡ്വാൻസായി അനുവദിക്കണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് 5051-02-200-86-Development of ports എന്ന ശീർഷകത്തിൽ 66 ലക്ഷം രൂപ കൊല്ലം പോർട്ട് ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം തുറമുഖത്തെ വെയർഹൗസിന്റെ റൂഫിംഗ് ഷീറ്റ് മാറ്റുന്ന പ്രവൃത്തിയ്ക്ക് 5051-02-200-86-Development of ports എന്ന ശീർഷകത്തിൽ 66 ലക്ഷം രൂപ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, I & PRD,വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 24-03-2026 17:39:30

സെക്ഷൻ ഓഫീസർ